**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1874** **08-02-2023 - ൽ മറുപടിയ്ക്ക്**

**കായികതാരങ്ങളുടെ പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായികതാരങ്ങൾക്ക് സ്വന്തം ജില്ലയിൽ പരിശീലനം നടത്തുന്നതിന് മതിയായ സൗകര്യങ്ങൾ എല്ലാ ജില്ലയിലും ലഭ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | ഉണ്ട്. കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനായി ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. . |
| (ബി) | അത്‌ലറ്റിക്സ് മൽസരയിനങ്ങളിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് അതതു ജില്ലകളിൽ പരിശീലനത്തിന് ഉതകുന്ന സ്റ്റേഡിയങ്ങൾ എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ഉണ്ട്. കായികതാരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നതിനായി ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. . |
| (സി) | 400 മീറ്റർ, പോൾവോൾട്ട്, ട്രിപ്പിൾജംപ് തുടങ്ങിയ അത്‌ലറ്റിക്സ് ഇനങ്ങളിൽ പരിശീലനം നൽകുന്നതിന് ആലപ്പുഴ ജില്ലയിൽ സ്റ്റേഡിയം ലഭ്യമല്ലെന്ന പരാതി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | 2016-17 ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയത്തിന്റെ രണ്ടാം ഘട്ട വികസനത്തിനും പ്രീതികുളങ്ങര സ്റ്റേഡിയ നിർമ്മാണത്തിനുമായി 14.17 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ പ്രീതികുളങ്ങര സ്റ്റേഡിയം നിർമ്മാണം പൂർത്തിയാക്കുകയും ടി സ്റ്റേഡിയത്തിൽ 4 ലൈൻ 200 മീറ്റർ സിന്തറ്റിക് ട്രാക്ക്, ഫിറ്റ്നസ് സെന്റർ, പമ്പ് & സമ്പ് റൂം, മൾട്ടി പർപ്പസ് കോർട്ട്, സെവൻസ് ഫുട്ബോൾ ടർഫ്, പവലിയൻ തുടങ്ങിയവ ഉൾപ്പെട്ടിട്ടുണ്ട്.<br><br>കൂടാതെ ആലപ്പുഴ ഇ.എം.എസ് ജില്ലാ സ്റ്റേഡിയം നവീകരണത്തിന്റെ രണ്ടാം ഘട്ടം പ്രവൃത്തിയിൽ 400 മീറ്റർ സിന്തറ്റിക് ട്രാക്കും പോൾവോൾട്ട്, ലോംഗ് ജമ്പ്, ട്രിപ്പിൾ ജമ്പ് തുടങ്ങിയ അത്‌ലറ്റിക് |

| | | | |
|---|---|---|---|
| | | | **ഇനങ്ങൾക്കായുള്ള സൗകര്യങ്ങളും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ